

# വിശ്വാസപരിശീലനവും നവമാധ്യമങ്ങളും

**ഫാ. ജോർജ് ദാനവേലിൽ**

പുതുതലമുറയുടെ ഇംഗ്ലീഷ് അക്ഷരമാല എന്നപേരിൽ ഒരു വാട്ട്സ്അപ്പ് സന്ദേശം അടുത്തകാലത്ത് വായിക്കാനിടയായി. എ ഫോർ ആപ്പിൾ, ബി ഫോർ ബോൾ, സി ഫോർ ക്യാറ്റ്, ഡി ഫോർ ഡോഗ് എന്നെല്ലാം പറഞ്ഞു പഠിച്ചാണ് പഴയതലമുറ ഇംഗ്ലീഷ് പഠനം ആരംഭിച്ചിരുന്നത്. എന്നാൽ പുതുതലമുറ ഇംഗ്ലീഷ് പഠിക്കുന്നത് എ ഫോർ ആപ്പിൾ എന്നു പറഞ്ഞാണ്, പക്ഷെ അവർ ഓർക്കുന്നത് ആപ്പിൾ എന്ന പഴമല്ല ആപ്പിൾ കമ്പ്യൂട്ടറും മൊബൈൽ ഫോണുമാണ്. ബി ഫോർ ബോൾ എന്നല്ല ഇന്ന് പഠിക്കുക ബി ഫോർ ബ്ലൂടൂത്ത് എന്നാണ്. സി ഫോർ ക്യാറ്റ് എന്നല്ല, സി ഫോർ ചാറ്റിങ്ങ് എന്നാണ്, ഡി ഫോർ ഡോഗ് എന്നല്ല, ഡി ഫോർ ഡൗൺലോഡ് എന്നാണ് ...... ഇങ്ങനെ പോകുന്നു പുതുതലമുറയുടെ ഇംഗ്ലീഷ് അക്ഷരമാല പഠനം. ഇതിനു കാരണം പതുതലമുറയ്ക്ക് കൂടുതൽ പരിചിതമായ വാക്കുകൾ ഇവയാണ് എന്നതാണ്. വിവരസാങ്കേതിക വിദ്യകളും ആധുനിക ആശയവിനിമയ സംവിധാനങ്ങളും പുതുതലമുറയ്ക്ക് പുത്തൻ ജീവിതരീതികളും ചിന്തകളും ദർശനങ്ങളുമാണിന്ന് സമ്മാനിച്ചിരിക്കുന്നത്. ഇന്നത്തെ തലമുറ മാതാപിതാക്കളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും മുതിർന്നവരിൽ നിന്നും മാത്രമല്ല ആശയങ്ങളും ദർശനങ്ങളും ഉൾക്കൊള്ളുന്നത്. ഒരുപക്ഷേ അവരുടെ മനസ്സുനിറയെ മാധ്യമങ്ങൾ നൽകുന്ന വിവരണങ്ങളും ആശയങ്ങളും ചിന്തകളും മാത്രമായിരിക്കാം ഉണ്ടാവുക. ഫേസ്ബുക്ക് അപ്ഡേഷനും പാട്ടുകേൾക്കലും ചാറ്റിങ്ങും ഫോൺവിളിയും വായനയുമെല്ലാം ഒരുമിച്ചു ചെയ്യുന്നവരാണ് പുതുതലമുറയിലധികവും. ഈ മാധ്യമങ്ങൾ ഒന്നുമില്ലാതെ ജീവിക്കുന്നതിനെക്കുറിച്ച് ഇവർക്കിന്ന് ചിന്തിക്കാൻപോലും സാധിക്കില്ല.

എഴുത്തുവിദ്യയുടെ കാലം മുതൽ ഇന്റർനെറ്റിന്റെ ഈ പുതുയുഗ കാലഘട്ടംവരെ സഭ സാമൂഹ്യ സമ്പർക്ക മാധ്യമങ്ങളെ ഗൗരവപൂർവ്വം പരിഗണിക്കുകയും ഏറ്റവും നല്ല സന്ദേശോപാധികൾ എന്നനിലയിൽ ഉപയോഗപ്പെടുത്താൻ പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. മാധ്യമ പ്രവർത്തനങ്ങളോടുള്ള സഭയുടെ സമീപനം അടിസ്ഥാനപരമായി എക്കാലത്തും പൊതുവെ പ്രോത്സാഹജനകമായിരുന്നു. വെറും വിമർശക റോൾ സ്വീകരിക്കാതെ, മാധ്യമങ്ങൾ ദൈവത്തിന്റെ ദാനമാണെന്നും മനുഷ്യ വൈഭവത്തിന്റെ സംഭാവനകളാണെന്നും ആധുനികയുഗത്തിന്റെ പ്രതീകമാണെന്നുമാണ് സഭ കരുതിപ്പോരുന്നത്. മാധ്യമങ്ങളുടെ വർദ്ധിച്ചുവരുന്ന സ്വാധീനവും പ്രാധാന്യവും ശ്രദ്ധിക്കുകയും തദാനുസാരമുള്ള മാർഗ്ഗനിർദ്ദേശം അജപാലനരംഗത്ത് നൽകാൻ സഭ ശ്രമിക്കുകയും ചെയ്തുകൊണ്ടാണിരിക്കുന്നത്. മാധ്യമങ്ങളെ ഫലപ്രദമായി അജപാലന പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താനാണ് രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ സാമൂഹ്യസമ്പർക്ക മാധ്യമങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനം ആഹ്വാനം ചെയ്യുന്നത്. മാധ്യമരംഗത്തുനിന്ന് സഭ അകന്നു നിൽക്കുകയല്ല. അവയെ വേണ്ടരീതിയിൽ ഉപയോഗിക്കാനാണ് സഭ ശ്രദ്ധിക്കേണ്ടത് എന്ന് പോൾ ആറാമൻ മാർപാപ്പായും വ്യക്തമാക്കി. സാമൂഹികസമ്പർക്ക മാധ്യമങ്ങളെക്കുറിച്ച് സഭയ്ക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനുള്ള പൊന്തിഫിക്കൽ കൗൺസിൽ പ്രസിദ്ധപ്പെടുത്തിയ The Ethics in Internet, The Church and Internet എന്നീ രേഖകൾ സഭയ്ക്ക് മാധ്യമങ്ങളെ സംബന്ധിച്ച് സുപ്രധാനമായ രണ്ടു ചുമതലകൾ ഉണ്ടെന്ന് ഓർമ്മപ്പെടുത്തുന്നു: മാധ്യമങ്ങളെ മനുഷ്യരാശിയുടെ നൻമക്കായി പ്രയോജനപ്പെടുത്തുക; അവ ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ച് വിശ്വാസികളെ ജാഗ്രതയുള്ളവരാക്കുക. മാധ്യമങ്ങളുടെ സങ്കേതികവശങ്ങൾ പഠിപ്പിക്കുന്നതിലുപരിയായി, നല്ലത് മനസ്സിലാക്കാനും തെരഞ്ഞെടുക്കാനും സത്യസന്ധമായ ധാർമ്മിക വിവേചനത്തിനു വിശ്വാസികളെ പ്രാപ്തരാക്കാനുമുള്ള

പരിശീലനമാണ് സഭ നൽകേണ്ടത് എന്ന് സാർവ്വത്രിക സഭയുടെ വിശ്വാസപരിശീലന ഡയറക്ടറികളും *വിളിയും പ്രത്യുത്തരവും* എന്ന സീറോമലബാർ സഭയുടെ വിശ്വാസപരിശീലന ഡയറക്ടറിയും നിർദ്ദേശിക്കുന്നു.

ദൈവം മനുഷ്യനു വെളിപ്പെടുത്തിക്കൊടുത്ത സത്യങ്ങളാണ് വിശ്വാസത്തിന്റെ ഉള്ളടക്കം. ദൈവം മനുഷ്യനു പലവിധത്തിൽ ദൈവികസത്യങ്ങൾ വെളിപ്പെടുത്തി കൊടുത്തുവെങ്കിലും ദൈവപുത്രനായ ഈശോമിശിഹായിലൂടെയാണ് ദൈവത്തിന്റെ വെളിപാട് പൂർത്തീകരിക്കപ്പെട്ടത്. ഈശോയുടെ പ്രബോധനത്തിന്റെ ശക്തിയും ആകർഷണീയതയും മൂലം ജനങ്ങൾ അവിടുത്തെ പ്രബോധനം ഇഷ്ടപ്പെട്ടു. പ്രതിരൂപങ്ങൾ, ദൃഷ്ടാന്തങ്ങൾ, ഉപമകൾ തുടങ്ങിയ പ്രബോധന സഹായരീതികളാണ് ഈശോ ഉപയോഗിച്ചത്. പ്രതിരൂപങ്ങളുടെ ധാരാളമായ സാന്നിദ്ധ്യമാണ് അവിടുത്തെ ശൈലിയുടെ പ്രത്യേകതയായി ബൈബിൾ പണ്ഡിതൻമാർ ചൂണ്ടിക്കാണിക്കുന്നത്. വെളിപ്പെടുത്തപ്പെട്ട സത്യത്തിലാണ് വിശ്വാസികളുടെ ജീവിതം കേന്ദ്രീകൃതമാകേണ്ടത്. മാമ്മോദീസായിലൂടെ സ്വീകരിക്കുന്ന ക്രൈസ്തവ വിശ്വാസത്തിന്റെ ഉള്ളടക്കം തെറ്റുകൂടാതെയും കുറവുകൂടാതെയും ഗ്രഹിക്കുന്നതിനും സ്വീകരിക്കുന്നതിനും ജീവിക്കുന്നതിനും അതെക്കുറിച്ചുള്ള ആധികാരികമായ പ്രബോധനവും പരിശീലനവും ലഭിക്കണം. ഇതിനുള്ള പരിശീലനമാണ് മതബോധനത്തിലൂടെ നൽകപ്പെടേണ്ടത്. കെട്ടുറപ്പുള്ള ഒരു സഭാസമൂഹം രൂപം കൊള്ളുന്നത് ശരിയായ വിശ്വാസ പരിശീലനത്തിലൂടെയാണല്ലോ. ആധുനിക പഠനോപകരണങ്ങൾ ഉപയോഗിച്ച് കൂടുതൽ വിശദമായും വ്യക്തമായും കാര്യങ്ങൾ മനസ്സിലാക്കാൻ നമുക്കിന്ന് സാധിക്കുന്നു. കാർട്ടൂണുകളും ചിത്രീകരണങ്ങളും സ്ഥിതിവിവരക്കണക്കുകളും ഓഡിയോ വീഡിയോ സംവിധാനങ്ങളും ഉപയോഗിച്ച് പ്രബോധങ്ങൾ നല്കുന്നത് ഇവയുടെ സ്വീകരണം ഫലപ്രദമാകുവാൻ സഹായിക്കും.

ആധുനിക മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പുതിയ സംസ്കാരത്തിൽ സുവിശേഷ സത്യങ്ങളെ സന്നിവേശിപ്പിക്കുവാൻ, വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്കു സാധിക്കണം. മാധ്യമങ്ങളുടെ ലോകത്ത് വിഹരിക്കുന്ന കുഞ്ഞുങ്ങളുടെ ഭാഷാശൈലി മനസ്സിലാക്കാത്തവർക്ക് എങ്ങനെ അവരോട് സംവദിക്കാനാവും. ഉപയോഗിച്ച് പഴകിയ ബോധനമാർഗ്ഗങ്ങൾ നൽകുന്ന മായാസുഖങ്ങൾ ഉപേക്ഷിച്ച് മാധ്യമങ്ങൾ ആധിപത്യം പുലർത്തുന്ന പുതുപുത്തൻ സംസ്കാരത്തിൽ കടന്നു ചെന്ന് വചനവിത്ത് വിതക്കാൻ പര്യാപ്തമായ പുത്തൻ ബോധനരീതികളും ബോധനോപകരണങ്ങളും പരിചയിക്കാൻ വിശ്വാസപരിശിലകർ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

ആധുനിക കാലഘട്ടത്തിലെ ഒരു സ്കൂൾ വിദ്യാർത്ഥി ആഴ്ചയിൽ ശരാശരി പതിനഞ്ചുമണിക്കൂർ ടെലിവിഷൻ കാണുന്നു എന്നാണ് പൊതുവെ കണക്കാക്കപ്പെടുന്നത്. അതിനാൽ ഇന്നത്തെ അഞ്ചുവയസ്സുകാരന്റെ പൊതുവിജ്ഞാന നിലവാരം പണ്ടത്തെ പതിനഞ്ചു വയസ്സുകാരന്റെ പൊതുവിജ്ഞാന നിലവാരത്തിനു സമാനമാണ്. ഇതിനു അനുപാതികമായ പ്രതികരണം അവന്റെ പെരുമാറ്റത്തിലും ജീവിതശൈലികളിലും പ്രകടമാണ്. ഇതു പലപ്പോഴും വിശ്വാസജീവിത വളർച്ചയെ നിഷേധാത്മകമായാണ് സ്വാധീനിക്കുക. ഇങ്ങനെ മാധ്യമങ്ങളാൽ സ്വാധീനിക്കപ്പെട്ടിരിക്കുന്ന കുഞ്ഞുങ്ങളുടെ മനസ്സറിഞ്ഞുള്ള ഒരു വിശ്വാസപരിശീലന രീതിയാണിന്ന് ഏറെ ആവശ്യമായിരിക്കുന്നത്. വിജ്ഞാനവിസ്ഫോടനത്തിനു വഴിതെളിച്ചിരിക്കുന്ന കമ്പ്യൂട്ടറും ഇന്റർനെറ്റും കുട്ടികളുടെ ഭാഗഭാഗിത്വം വർദ്ധിപ്പിക്കുന്നതും സൃഷ്ടിപരതയെ ഉണർത്തുന്നതുമാണ്. തൻമൂലം ഇവയെല്ലാം കുഞ്ഞുങ്ങളിൽ കൂടുതൽ താല്പര്യം ഉണർത്തുന്നു. ഇത്തരം സ്മാർട്ട് ക്ലാസ്മുറികളിലിരുന്ന് പഠിക്കുന്ന വിദ്യാർത്ഥി ഇവയൊന്നുമില്ലാത്ത സാധാരണ വിശ്വാസപരിശീലന ക്ലാസുകളിലെത്തുമ്പോൾ അസ്വസ്ഥത പ്രകടിപ്പിക്കാനുള്ള സാദ്ധ്യത ഏറെയാണ്. തൻമൂലം ദൃശ്യമാധ്യമങ്ങളും പ്രവർത്തന പരിശീലനങ്ങളും വിശ്വാസപരിശീലന രംഗത്തും ഉപയോഗിച്ചേ മതിയാകൂ.

ക്ലാസിലെ കുട്ടികളുടെ ശ്രദ്ധ പിടിച്ചെടുക്കാനും കൂടുതൽ സമയം ശ്രദ്ധനിലനിർത്താനും പഠിപ്പിക്കുന്ന കാര്യങ്ങളിൽ താത്പര്യമുണർത്താനും ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ ഉപയോഗംവഴി സാധിക്കുന്നു. കാണുന്നവയ്ക്കാണ് കേൾക്കുന്നവയെക്കാൾ എപ്പോഴും കൂടുതൽ വിശ്വാസ്യത ഉളവാക്കാൻ കഴിയുക. അദ്ധ്യാപകർ ദൃശ്യ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് അനുഭവപ്രദമായ പഠനത്തിനു സഹായിക്കുന്നു. വിശ്വാസപരിശീലന ക്ലാസുകൾ കൂടുതൽ അനുഭവപരമാക്കുന്നതിന് ദൃശ്യ-ശ്രാവ്യ ഉപാധികൾ ഉപയോഗിച്ചുള്ള ബോധനരീതി സഹായകമാണ്. ഈ ലക്ഷ്യം മുൻനിർത്തിയാണ് വിശ്വാസപരിശീലനത്തിനായുള്ള സീറോ മലബാർ സഭയുടെ സിനഡൽ കമ്മീഷൻ വിശ്വാസപരിശീലന പാഠാവലിയെ അടിസ്ഥാനമാക്കി ക്ലാസ്സുകൾ കൂടുതൽ ആകർഷകമാക്കാനുതകുന്ന പവർ പോയിന്റ് പ്രസന്റേഷനും പുസ്തകങ്ങളുടെ ആനിമേഷൻ ഡിവിഡി കളും ഇതര സിഡി കളും തയ്യാറാക്കിയിരിക്കുന്നത്.

അറിവിനുവേണ്ടി പുസ്തകങ്ങൾ പരതിയിരുന്ന കാലംമാറി ഇന്നു പലപ്പോഴും വെബ്സൈറ്റുകളെയാണ് ആശ്രയിക്കുന്നത്. ഈ സാധ്യത മുൻനിർത്തിയാണ് സീറോമലബാർ സഭയുടെ സിനഡിൽ കമ്മീഷൻ ഫോർ കാറ്റക്കേസിസിന്റെ ഔദ്യോഗിക വെബ്സൈറ്റ് www.syromalabarcatechesis.org തയ്യാറാക്കിയിരിക്കുന്നത്. വിശ്വാസപരിശീലനം സംബന്ധിച്ചും, വിശ്വാസ പരിശീലകർക്കും, വിദ്യാർത്ഥികൾക്കും ആവശ്യമായ ധാരാളം വിവരങ്ങൾ ഈ വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്. സീറോമലബാർ സഭയുടെ വിശ്വാസപരിശീലന പാഠാവലി, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ എന്നിവയെക്കുറിച്ചുള്ള ധാരാളം പഠനങ്ങളും ഞായറാഴ്ചയിലെ തിരുവചന വ്യാഖ്യാനങ്ങൾ, വിശ്വാസപരിശീലന പാഠാവലിയുടെ power point presentation, സംശയനിവാരണത്തിനുള്ള അവസരങ്ങൾ വിശ്വാസ പരിശീലനത്തെക്കുറിച്ചുള്ള വാർത്തകൾ ഡോക്യുമെന്ററികൾ ഇവയെല്ലാം ഈ വെബ്സൈറ്റിൽ ലഭ്യമാണ്. അനൗദ്യോഗിക വെബ്സൈറ്റുകളുടെ ധാരാളിത്വം ആളുകൾക്കിടയിൽ പലപ്പോഴും ആശയക്കുഴപ്പം സൃഷ്ടിക്കുന്നു. കതോലികമെന്ന പേരിൽപ്പോലും വിളിക്കപ്പെടുന്ന വെബ്സൈറ്റുകൾ ധാരാളമുള്ളതിനാൽ ഇവ ഉപയോഗിക്കുന്നവർക്ക് മതിയായ വിദ്യാഭ്യാസവും പരിശീലനവും നൽകേണ്ടതുണ്ട്.

അനേകായിരങ്ങളുമായി സംവേദനം നടത്തുവാൻ ഉപയോഗിക്കുന്ന മാധ്യമങ്ങളെ ബഹുജനമാധ്യമങ്ങൾ അല്ലെങ്കിൽ പൊതു സമ്പർക്കമാധ്യമങ്ങൾ (Mass media) എന്ന് വിളിക്കാറുണ്ട്. പൊതു സമ്പർക്കമാധ്യമങ്ങളിൽ സന്ദേശം അയക്കുന്ന വ്യക്തിയിൽ നിന്ന് അനേകായിരങ്ങളിലേക്ക് ആശയങ്ങൾ എത്തിച്ചേർന്നിരുന്നെങ്കിലും സ്വീകരിക്കുന്നവർക്ക് ഇതിനോട് പ്രതികരിക്കുന്നതിനുള്ള സൗകര്യങ്ങൾ തുലോം വിരളമായിരുന്നു. ഈ കുറവാണ് ബ്ലോഗും, ഫെയ്സ് ബുക്കും, ട്വിറ്ററും ഒക്കെ അടങ്ങുന്ന സാമൂഹ്യ മാധ്യമങ്ങൾ (Social media) പരിഹരിച്ചത്. പരസ്പരമുള്ള ആശയകൈമാറ്റത്തിന് ഇവ വേദിയൊരുക്കി. സോഷ്യൽ മീഡിയായുടെ വളർച്ചയ്ക്ക് മുഖ്യകാരണം സ്മാർട്ട് ഫോണാണ്. മൊബൈൽ ഫോൺ ഇന്നു ഫോൺ മാത്രമല്ലാതായിട്ടു നാളേറെയായി. കമ്പ്യൂട്ടറായോ, ടിവിയായോ, റേഡിയോ ആയോ പത്രമായോ ബാങ്കായോ ഒക്കെ ഇന്ന് മൊബൈൽ ഉപയോഗിക്കപ്പെടുന്നു. ശരീരത്തിന്റെ മറ്റൊരു അവയവമെന്നപോലെ ഇന്ന് സ്മാർട്ട് ഫോൺ പലർക്കും മാറിയിരിക്കുന്നു.

സ്വന്തം സൗഹൃദവലയത്തിനുള്ളിൽ ഫേസ് ബുക്ക് ഉപയോഗം നിലനിർത്തുന്നവരായിരുന്നു ആദ്യകാലത്തുണ്ടായിരുന്നതെങ്കിൽ ഇന്ന് ഫേസ്ബുക്ക് പേജുകളിലൂടെ ആശയ വിനിമയം ഏറെ നടക്കുന്നു. ഈ സാദ്ധ്യത മനസ്സിലാക്കിയാണ് സീറോമലബാർ സഭയിൽ വിശ്വാസപരിശീലനത്തിൽ രൂപതാതലത്തിൽ മികവു പുലർത്തുന്നവരെ സഭാതലത്തിൽ പങ്കെടുപ്പിച്ചു നടത്തുന്ന പ്രതിഭാസംഗമങ്ങളിൽ പങ്കുചേരുന്നവരെ ഫെയ്സ് ബുക്ക് പേജുവഴി ഒന്നിപ്പിക്കാനുള്ള ശ്രമം ആരംഭിച്ചത്. വിശ്വാസപരിശീലകരെ ഫെയ്സ് ബുക്ക്

പേജുവഴിയും വാട്ട്സ് അപ്പ് ഗ്രൂപ്പുവഴിയും ഒന്നിപ്പിക്കാനുള്ള ശ്രമമാണ് ഉടനെ ആരംഭിക്കാനുള്ളത്. ഇതോടൊപ്പം വിശ്വാസപരിശീലകർക്കുള്ള e-learning ക്രമീകരണവും സഭാതലത്തിൽ ഉടൻ ആരംഭിക്കുകയാണ്.

കംപ്യൂട്ടറിലും സ്മാർട്ട് ഫോണിലും കൗമാരക്കാരും യുവജനങ്ങളും പ്രയോജനമില്ലാതെ ചെലവഴിക്കുന്ന സമയത്തെക്കുറിച്ച് ഫ്രാൻസീസ് മാർപാപ്പ പ്രകടിപ്പിച്ച ആശങ്ക ശ്രദ്ധിക്കപ്പെടേണ്ടതാണ്. ആധുനിക മാധ്യമങ്ങളിൽ സത്യവും ധർമ്മവും സനാതനമൂല്യങ്ങളും പാർശ്വവത്ക്കരിക്കപ്പെടാനും തമസ്കരിക്കപ്പെടാനുമുള്ള സാദ്ധ്യതകൾ ഏറെയായതിനാൽ മാധ്യമസാക്ഷരത നല്കുന്നതിലും സഭ ഏറെ ശ്രദ്ധാലുവാകേണ്ടതുണ്ട്. വിശ്വാസവും, ധാർമ്മികതയും സത്യവും നീതിയുമെല്ലാം ഭൂരിപക്ഷ ലൈക്കുകളുടെ അടിസ്ഥാനത്തിലല്ല നിശ്ചയിക്കപ്പെടേണ്ടതെന്ന് കുട്ടികളെ പഠിപ്പിക്കേണ്ടതാണ്. ക്രൈസ്തവവിശ്വാസവും ആചാരാനുഷ്ഠാനങ്ങളും കൂദാശകളുമെല്ലാം ഒരു വ്യക്തിക്കു പ്രദാനം ചെയ്യുന്നത് ദൈവാനുഭവമാണ്. എന്നാൽ മാധ്യമങ്ങൾ പലപ്പോഴും പ്രദാനം ചെയ്യുന്നത് ഒരു മായികലോകമാണ്. അതിനാൽ മാധ്യമങ്ങൾ പലപ്പോഴും സൃഷ്ടിക്കുന്ന മായികലോകത്തുനിന്നും ദൈവാനുഭവത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് കുട്ടികളെ എത്തിക്കുന്ന മാധ്യമ സാക്ഷരത നല്കലും വിശ്വാസപരിശീലനത്തിന്റെ ഭാഗമാകേണ്ടതുണ്ട്. ഇതനുസരിച്ചാണ് വിശ്വാസപരിശീലന പാഠാവലിയിൽ മാധ്യമങ്ങളെക്കുറിച്ചുള്ള പഠനം ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇതോടൊപ്പം തന്നെ തങ്ങളുടെ മക്കൾ സഞ്ചരിക്കുന്ന അദൃശ്യ ലോകത്തെക്കുറിച്ച് മാതാപിതാക്കളെയും മാധ്യമങ്ങൾ വിശ്വാസ പരിശീലനത്തിനായി എപ്രകാരം ഫലപ്രദമായി ഉപയോഗിക്കാമെന്നതിനെക്കുറിച്ച് വിശ്വാസപരിശീലകരെയും ബോധവാൻ മാരാക്കുന്നതും വിശ്വാസപരിശീലനത്തിന്റെ ഭാഗം തന്നെയാണ്. സൺഡെ സ്കുളുകളിലെ പി.ടി.എ. മീറ്റിങ്ങുകളും വിശ്വാസപരിശീലകരുടെ പരിശീലനക്കളരികളും ഇതിനുള്ള വേദികളാക്കി മാറ്റാവുന്നതാണ്.

പരമ്പരാഗതമായ നോമ്പാചരണം ഭക്ഷണ പദാർത്ഥങ്ങളുടെ ഉപയോഗത്തിലുള്ള ക്രമീകരണം മാത്രമായാണ് പലപ്പോഴും നിർദ്ദേശിക്കുക. എന്നാൽ പുതുതലമുറയോട് നോമ്പാചരണത്തെക്കുറിച്ചു പറയുമ്പോൾ അനാവശ്യമായ മാധ്യമ ഉപയോഗത്തിൽ വരുത്തുന്ന മിതത്വവും ക്രമീകരണങ്ങളും നോമ്പാചരണത്തിന്റെ ഭാഗമായി നിർദ്ദേശിക്കാവുന്നതാണ്. ദിവസവും ദൈവവചനം ഓൺലൈൻ സോഷ്യൽ ഗ്രൂപ്പുകളിലും ഫെയ്സ്ബുക്കിലും മറ്റു സോഷ്യൽ മീഡിയായിലും പോസ്റ്റുചെയ്യുക എന്നതും നോമ്പാചരണത്തിന്റെ സർഗ്ഗാത്മക പ്രവൃത്തിയായി നിർദ്ദേശിക്കാവുന്നതാണ്.

സോഷ്യൽ മീഡിയായുടെ നല്ലതും ചീത്തയും വേർതിരിച്ചറിഞ്ഞ് വ്യക്തി പരമായി ഓരോരുത്തരുടെയും അതുവഴി സമൂഹത്തിന്റെയും നൻമക്കായി അവയെ ഉപയോഗിക്കാനുള്ള പരിശീലനമാണ് ഇന്ന് ഏറെ ആവശ്യമായിയിരിക്കുന്നത്. ഇവ വെറും സൗഹൃദത്തിനുള്ള വേദി മാത്രമായി മാറാതെ ക്രിസ്തിയ പഠനങ്ങൾക്കും ചർച്ചകൾക്കും ആശയവിനിമയങ്ങൾക്കുമുള്ള വേദിയായി മാറ്റേണ്ടിയിരിക്കുന്നു.

അച്ചടിവിദ്യയുടെ ആവിർഭാവത്തോടെ ദൈവവചനം മനുഷ്യഹൃദയങ്ങളിൽനിന്നു പുസ്തക ത്താളുകളിലേക്കു പോയി എന്നു പറയുന്നപോലെ വിശ്വാസപരിശീലന രംഗത്ത് വിവര-സാങ്കേതി കവിദ്യയുടെ ആഗമനത്തോടെയും കുടുംബത്തിന്റെ രൂപാന്തരത്തിലൂടെയും വിശ്വാസം തന്നെ കൈമോശം വരുന്നതായി ചിലപ്പോഴെങ്കിലും വിമർശിക്കപ്പെടാറുണ്ട്. നവമാധ്യമങ്ങളിലൂടെയുള്ള വിശ്വാസപരിശീലനങ്ങളൊന്നും മനുഷ്യർ തങ്ങളുടെ ജീവിത സാക്ഷ്യത്തിലൂടെ നല്കുന്ന വിശ്വാസപരിശീലനത്തിന് പകരമാകുന്നില്ല എന്ന യാഥാർത്ഥ്യം നാം ഒരിക്കലും വിസ്മരിക്കരുത്.